# 13-ാം കേരള നിയമസഭ

## 2-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4445 **20.10.2011-ലെ മറുപടിയ്ക്ക്**

**സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ് | | ശ്രീ. ഉമ്മൻ ചാണ്ടി<br>മുഖ്യമന്ത്രി | |
| (എ) | ഗവ. സെക്രട്ടേറിയറ്റിൽ ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ എത്ര തസ്തികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 27 |
| (ബി) | പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ഒഴിവുകളൊന്നും നിലവിലില്ല. |
| (സി) | പ്രസ്തുത തസ്തികയിൽ എത്ര പേരാണ് ദീർഘനാളായി അവധിയിൽ പോയിട്ടുള്ളതെന്നും ഇവർക്ക് പകരം, നിയമനം നൽകി ഒഴിവ് നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ; | (സി) | ഒരു ലിഫ്റ്റ് ഓപ്പറേറ്റർ അസുഖം കാരണം ദീർഘ അവധിയിൽ പോയിട്ടുണ്ട്. ഇയാൾക്ക് പകരം നിയമനം നൽകി പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ശ്രീ. ജോസഫ് പയസ്, ശ്രീ.പി. വിജയകുമാരൻ എന്നിവർ അനധികൃതമായി ജോലിയിൽ ഹാജരാകാത്തവരാണ്. |
| (ഡി) | ദീർഘനാളായി ഡ്യൂട്ടിക്ക് വരാത്തവരെ പിരിച്ചുവിട്ട് പി.എസ്.സി. വഴി പുതിയ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | സെക്രട്ടേറിയറ്റ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴിയാണ് ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ നിയമനം നടത്തുന്നത്. ഇവരുടെ അഭാവത്തിൽ മാത്രമേ പി.എസ്.സി. വഴി നിയമനം നടത്തുവാൻ വ്യവസ്ഥയുള്ളൂ. |

**സെക്ഷൻ ഓഫീസർ**